LIBRARY ARCHIVES Kerala Legislative Assembly

കടമ്പ്രയാറിൽ ലോക്ക്-കം-റെഗുലേറ്റർ നിർമ്മാണം

187 (2742) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടമ്പ്രയാറിൽ കോഴിച്ചിറക്ക് കുറുകെ ലോക്ക്-കം-റെഗുലേറ്റർ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പര്യവേഷണവും രൂപകൽപ്പനയും പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) നബാർഡ് XX -ൽ ഉൾപ്പെടുത്തിയ ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്.

(സി) കടമ്പ്രയാറിൽ ലോക്ക്-കം-റെഗുലേറ്റർ നിർമ്മാണത്തിന് 21.35 കോടി രൂപയുള്ള പ്രൊപ്പോസൽ നബാർഡ് ആർ.ഐ.ഡി.എഫ്.-20-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചാലക്കുടിപ്പുഴയിൽ ഇന്നുർമുഴി ഡൈവെർഷൻ സ്കീമിൽ ഫീൽഡ് ചാനലുകൾ

188 (2743) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിപ്പുഴയിൽ ഇന്നുർമുഴി ഡൈവെർഷൻ സ്കീമിൽ ഇടതുകര, വലതുകര കനാലുകളുടെ മേഖലയിൽ കാഡ പദ്ധതി പ്രകാരം നിർമ്മിച്ച ഫീൽഡ് ചാനലുകൾ തകർന്ന് ഉപയോഗശൂന്യമായിത്തീർന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തകർന്നുകിടക്കുന്ന കാഡ ഫീൽഡ് ചാനലുകൾ നന്നാക്കി, ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?